**മധുരമായ കുട്ടികളേ, ശിവബാബയല്ലാതെ നിങ്ങൾക്ക് ഇവിടെ ആരുമേയില്ല, അതുകൊണ്ട് ഈ ദേഹത്തിന്റെ ബോധത്തിൽ നിന്നും മാറി തികച്ചും ദരിദ്രനാകണം, ദരിദ്രർ തന്നെയാണ് രാജകുമാരനാകുന്നത്.**

**ചോദ്യം** : ഡ്രാമയുടെ യഥാർത്ഥമായ അറിവ് ഏതെല്ലാം ചിന്തകളെ സമാപ്തമാക്കുന്നു?
**ഉത്തരം** : ഈ രോഗങ്ങൾ വരുന്നത് എന്തുകൊണ്ടാണ്, ഇങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു, എന്തുകൊണ്ടാണ് വിഘ്നങ്ങൾ ഉണ്ടാകുന്നത്......എന്തുകൊണ്ടാണ് ബന്ധനം വരുന്നത്.......ഈ സർവ്വ ചിന്തകളും ഡ്രാമയുടെ യഥാർത്ഥ അറിവിലൂടെ സമാപ്തമാകുന്നു, കാരണം ഡ്രാമയനുസരിച്ച് എന്താണോ സംഭവിക്കേണ്ടത് അത് തന്നെയാണ് സംഭവിച്ചത്, കല്പത്തിനു മുൻപും സംഭവിച്ചിരുന്നു. പഴയ ശരീരമാണ് തുന്നലുകൾ കാണുക തന്നെ ചെയ്യും, ഈ അറിവ് വിഷമ ചിന്തകളെ സമാപ്തമാക്കും.

**ഗീതം** : നമുക്ക് ആ വഴികളിലൂടെ പോകണം........

**ഓം ശാന്തി.** ആ വഴികളിലൂടെയാണ് പോകേണ്ടത്, ഏത് വഴികളിലൂടെ? ആരാണ് വഴി പറഞ്ഞ് തരുന്നത്? നമ്മൾ ആരുടെ നിർദ്ദേശമനുസരിച്ചാണ് പോകുന്നത് എന്ന് കുട്ടികൾക്കറിയാം. നിർദ്ദേശമെന്ന് പറഞ്ഞാലും വഴിയെന്നോ ശ്രീമതമെന്നോ പറഞ്ഞാലും കാര്യം ഒന്ന് തന്നെയാണ്. ഇപ്പോൾ ശ്രീമതമനുസരിച്ച് നടക്കണം. പക്ഷേ ശ്രീമതം ആരുടേതാണ്? ശ്രീമത്ത് ഭഗവത് ഗീത എന്ന് എഴുതിയിട്ടുണ്ട്, അപ്പോൾ തീർച്ചയായും നമ്മുടെ ബുദ്ധി ശ്രീമത്തിന്റെ ഭാഗത്തേയ്ക്ക് പോകും. നിങ്ങൾ കുട്ടികൾ ഇപ്പോൾ ആരുടെ ഓർമ്മയിലാണിരിക്കുന്നത്? അഥവാ ശ്രീകൃഷ്ണൻ എന്ന് പറയുകയാണെങ്കിൽ കൃഷ്ണനെ അവിടെയാണ് ഓർമ്മിക്കേണ്ടത്. നിങ്ങൾ കുട്ടികൾ ശ്രീകൃഷ്ണനെ ഓർമ്മിക്കുന്നുണ്ടോ അതോ ഇല്ലേ? സമ്പത്തിന്റെ രൂപത്തിൽ ഓർമ്മിക്കുന്നു. നമ്മൾ രാജകുമാരനാകും എന്നത് അറിയുന്നുണ്ട്. ജനിക്കുമ്പോൾ തന്നെ ലക്ഷ്മിയും നാരായണനും ആകും എന്നല്ല. നമ്മൾ ശിവബാബയെ ഓർമ്മിക്കുകയാണ് കാരണം ബാബയുടേതാണ് ശ്രീമതം, കൃഷ്ണ ഭഗവാനുവാച എന്ന് പറയുന്നവർ കൃഷ്ണനെ ഓർമ്മിക്കും, എന്നാൽ എവിടെയാണ് ഓർമ്മിക്കുന്നത്? വൈകുണ്ഠത്തിലാണ് കൃഷ്ണനെ ഓർമ്മിക്കുന്നത്. മന്മനാ ഭവഃ എന്ന് കൃഷ്ണന് പറയുവാൻ സാധിക്കില്ല, മദ്ധ്യാജീ ഭവഃ എന്ന് പറയുവാൻ സാധിക്കും. എന്നെ ഓർമ്മിക്കൂ, കൃഷ്ണൻ വൈകുണ്ഠത്തിലാണുള്ളത്. ലോകത്തിലുള്ളവർ ഈ കാര്യങ്ങൾ അറിയുന്നില്ല. ബാബ പറയുന്നു - കുട്ടികളേ, ഈ ശാസ്ത്രങ്ങൾ എല്ലാം ഭക്തീമാർഗ്ഗത്തിലേതാണ്. സർവ്വ ധർമ്മ ശാസ്ത്രങ്ങളിലും ഗീതയും ഉൾപ്പെട്ടിട്ടുണ്ട്. ഗീത ഭാരതത്തിന്റെ ധർമ്മ ശാസ്ത്രമാണ്. വാസ്തവത്തിൽ ഇത് സർവ്വതിന്റേയും ശാസ്ത്രമാണ്. ശ്രീമത്ത് സർവ്വ ശാസ്ത്രമയീ ശിരോമണി ഗീത എന്ന് പറയുന്നുമുണ്ട്. അർത്ഥം സർവ്വതിനെക്കാളും ഉത്തമം. സർവ്വരെക്കാളും ഉത്തമവും വളരെ ശ്രേഷ്ഠവും ശ്രീ ശ്രീ ശിവബാബയാണ്. കൃഷ്ണനെ ശ്രീ ശ്രീ എന്ന് പറയില്ല. ശ്രീ ശ്രീ കൃഷ്ണൻ എന്നോ ശ്രീ ശ്രീ രാമൻ എന്നോ പറയില്ല. അവരെ ശ്രീ എന്ന് മാത്രമാണ് പറയുന്നത്. ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായിട്ടുള്ളവൻ വന്നാണ് വീണ്ടും ശ്രേഷ്ഠമാക്കുന്നത്. ഭഗവാനാണ് ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായിട്ടുള്ളത്. ശ്രീ ശ്രീ അർത്ഥം സർവ്വരെക്കാളും ശ്രേഷ്ഠം. ശ്രേഷ്ഠമായിട്ടുള്ളവരുടെ പേര് പ്രശസ്ഥമാണ്. ദേവീ ദേവതകളെ ശ്രേഷ്ഠം എന്ന് പറയാം. അവർ ഇപ്പോൾ ഇല്ല. ഇന്നത്തെക്കാലത്ത് ആരെയാണ് ശ്രേഷ്ഠം എന്ന് വിചാരിക്കുന്നത്. ഇപ്പോഴത്തെ നേതാക്കന്മാരെയൊക്കെ എത്രമാത്രം ബഹുമാനിക്കുന്നു. പക്ഷേ അവരെ ശ്രീ എന്ന് വിളിക്കുവാൻ പറ്റില്ല. മഹാത്മാക്കളെ പോലും ശ്രീ എന്ന് വിളിക്കുവാൻ സാധിക്കില്ല. നിങ്ങൾക്കിപ്പോൾ ഉയർന്നതിലും ഉയർന്ന പരമാത്മാവിൽ നിന്നും ജ്ഞാനം ലഭിച്ച് കൊണ്ടിരിക്കുന്നു. ഏറ്റവും ഉയർന്നത് പരംപിതാ പരമാത്മാവാണ്, പിന്നെയാണ് ബാബയുടെ രചനകൾ. രചനയിൽ ഉയർന്നതിലും ഉയർന്നത് ബ്രഹ്മാ വിഷ്ണു ശങ്കരന്മാരാണ്. ഇവിടെയും നമ്പർവാർ അനുസരിച്ചാണ് പദവിയുള്ളത്. ഉയർന്നതിലും ഉയർന്നത് പ്രസിഡന്റ് പിന്നെ പ്രൈം മിനിസ്റ്റർ, യൂണിയൻ മിനിസ്റ്റർ.....

ബാബയിരുന്ന് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കി തരുന്നു. ഭഗവാൻ രചയിതാവാണ്. രചയിതാവ് എന്ന വാക്ക് പറയുമ്പോൾ മനുഷ്യർ ചോദിക്കാറുണ്ട് - എങ്ങനെയാണ് സൃഷ്ടി രചിച്ചത്? അതുകൊണ്ട് ത്രിമൂർത്തി ശിവനാണ് രചയിതാവ് എന്ന് തീർച്ചയായും പറയണം. വാസ്തവത്തിൽ രചയിതാവ് എന്നതിനു പകരം രചന ചെയ്യിപ്പിക്കുന്നവൻ എന്ന് പറയുന്നതാണ് ശരി. ബ്രഹ്മാവിലൂടെ ബ്രാഹ്മണ കുലം സ്ഥാപിക്കുന്നു. ബ്രഹ്മാവിലൂടെ ഏതിന്റെ സ്ഥാപനയാണ് നടക്കുന്നത്?

ദൈവീക സമ്പ്രദായത്തിന്റെ. ശിവബാബ പറയുന്നു ഇപ്പോൾ നിങ്ങൾ ബ്രഹ്മാവിന്റെ ബ്രാഹ്മണ സമ്പ്രദായത്തിലുള്ളവരാണ്, അവർ ആസുരീയ സമ്പ്രദായത്തിലുള്ളവരാണ്, നിങ്ങൾ ഈശ്വരീയ സമ്പ്രദായത്തിലുള്ളവർ പിന്നെ ദൈവീക സമ്പ്രദായത്തിലുള്ളവരാകും. ബാബ ബ്രഹ്മാവിലൂടെ സർവ്വ വേദ ശാസ്ത്രങ്ങളുടെ സാരവും മനസ്സിലാക്കി തരുന്നു. മനുഷ്യർ വളരെയധികം ആശയക്കുഴപ്പത്തിലായിരിക്കുന്നു, ജനസംഖ്യ നിയന്ത്രിക്കുന്നതിനു വേണ്ടി എത്രമാത്രം തലയിട്ടടിക്കുന്നു. ബാബ പറയുന്നു ഞാൻ വന്ന് ഭാരതത്തിന്റെ ഈ സേവനം ചെയ്യുകയാണ്. തമോപ്രധാന മനുഷ്യരുള്ളത് ഇവിടെ തന്നെയാണ്. 10 – 12 കുട്ടികൾക്ക് ജന്മം കൊടുത്തുകൊണ്ടിരിക്കുന്നു. തീർച്ചയായും വൃക്ഷം വളർന്ന് കൊണ്ടിരിയ്ക്കും . ഇലകൾ ഉണ്ടായികൊണ്ടിരിക്കും. ഇതിനെ നിയന്ത്രിക്കുവാൻ ആർക്കും സാധിക്കില്ല. സത്യയുഗത്തിൽ നിയന്ത്രണമുണ്ട് – ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും മാത്രം. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾ തന്നെയാണ് അറിയുന്നത്. മുന്നോട്ട് പോകുമ്പോൾ വരുകയും മനസ്സിലാക്കുകയും ചെയ്യും. അതീന്ദ്രിയ സുഖം ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന് പറയുന്നുണ്ട്. ഇവിടെ നിങ്ങൾ സന്മുഖത്ത് കേൾക്കുമ്പോൾ സുഖം അനുഭവിക്കുന്നു. ജോലികാര്യങ്ങളിലേയ്ക്ക് പോകുന്നതിലൂടെ അത്രയും സുഖം അനുഭവിക്കുന്നില്ല. ഇവിടെ നിങ്ങളെ ത്രികാലദർശിയാക്കി മാറ്റുന്നു. ത്രികാലദർശികളെ സ്വദർശനചക്രധാരിയെന്നും വിളിക്കുന്നു. ആ മഹാത്മാവ് ത്രികാല ദർശിയായിരുന്നു എന്നൊക്കെ മനുഷ്യർ പറയാറുണ്ട്. നിങ്ങൾ പറയുന്നു വൈകുണ്ഠത്തിലെ രാധയ്ക്കും കൃഷ്ണനും പോലും സ്വദർശന ചക്രത്തിന്റെയോ മൂന്ന് കാലങ്ങളുടെയോ ജ്ഞാനം ഇല്ലായിരുന്നു. കൃഷ്ണൻ സർവ്വരുടേയും പ്രിയപ്പെട്ട സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരൻ. എന്നാൽ മനുഷ്യൻ മനസ്സിലാക്കാത്തത് കാരണം പറയുന്നത് നിങ്ങൾ ശ്രീകൃഷ്ണനെ ഭഗവാനായി മാനിക്കുന്നില്ല അതുകൊണ്ട് നാസ്തികരാണ്. പിന്നെ വിഘ്നമിടുന്നു. അവിനാശിയായ ജ്ഞാന യജ്ഞത്തിൽ വിഘ്നമിടുന്നു. കന്യകമാർക്കും അമ്മമാർക്കും വിഘ്നങ്ങൾ ഉണ്ടാകുന്നു. ബന്ധനസ്ഥരായിട്ടുള്ളവർ എത്രമാത്രം സഹിക്കുന്നു, ഡ്രാമയനുസരിച്ച് നമ്മുടെ പാർട്ട് അങ്ങനെയുള്ളതാണ് എന്ന് മനസ്സിലാക്കണം. വിഘ്നങ്ങൾ ഉണ്ടാകുമ്പോൾ ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത്, ഇങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു, ഇങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ അസുഖം വരില്ലായിരുന്നു....നമുക്ക് ഇങ്ങനെ പറയുവാൻ സാധിക്കില്ല. ഡ്രാമയനുസരിച്ച് ഇങ്ങനെ ചെയ്തു, കല്പത്തിനു മുൻപും ഇങ്ങനെ ചെയ്തിരുന്നു, അതുകൊണ്ട് കഷ്ടപ്പെടുന്നു. തുന്നലുകൾ കാണുക തന്നെ ചെയ്യും, അന്തിമ സമയം വരെയ്ക്കും അറ്റകുറ്റപണികൾ നടക്കുക തന്നെ ചെയ്യും. ഇതും ആത്മാവിന്റെ പഴയ വീടാണ്. ആത്മാവ് പറയുന്നു ഞാനും വളരെ പഴയതാണ്,യാതൊരു ശക്തിയും ഇല്ല. ശക്തിയില്ലാത്തത് കാരണം ബലഹീനരായ ആൾക്കാർ ദുഃഖം അനുഭവിക്കുന്നു. മായ ബലഹീനരെ വളരെയധികം ദുഃഖിപ്പിക്കുന്നു. നമ്മൾ ഭാരതവാസികളെ മായ വളരെയധികം ബലഹീനരാക്കി മാറ്റി. നമ്മൾ വളരെ ശക്തിയുള്ളവരായിരുന്നു പിന്നെ മായ ബലഹീനരാക്കി മാറ്റി, ഇപ്പോൾ വീണ്ടും അതിനെ ജയിക്കുന്നു അപ്പോൾ മായയും നമ്മുടെ ശത്രുവായി മാറുന്നു. ഭാരതത്തിന് തന്നെയാണ് വളരെയധികം ദുഃഖം ലഭിക്കുന്നത്. എല്ലാവരിൽ നിന്നും കടം വാങ്ങി കൊണ്ടിരിക്കുന്നു.

ഭാരതം തികച്ചും പഴയതായി മാറിയിരിക്കുന്നു. സമ്പന്നരായിരുന്നവർക്ക് വളരെ ദരിദ്രനും ആകണം. പിന്നെ ദരിദ്രനിൽ നിന്നും രാജകുമാരനാകണം. ബാബ പറയുന്നു ഈ ശരീരത്തിന്റെ ബോധത്തിൽ നിന്നും ദൂരെയിരിക്കൂ. നിങ്ങൾക്ക് ഇവിടെ യാതൊന്നും ഇല്ല, ഒരു ശിവബാബയല്ലാതെ മറ്റാരും ഇല്ല. നിങ്ങൾക്ക് ദരിദ്രനാകേണ്ടതുണ്ട്.യുക്തികളും പറഞ്ഞ് തരുന്നു. ജനകന്റെ ഉദാഹരണം – കുടുംബത്തിലിരുന്ന് കൊണ്ടും താമര പുഷ്പത്തിനു സമാനം ഇരിക്കണം, ശ്രീമതത്തിലൂടെ നടക്കണം, സർവ്വതും സമർപ്പിക്കുകയും വേണം.ജനകൻ സർവ്വതും നല്കി പിന്നെ എന്റെ സമ്പത്ത് എല്ലാം നിങ്ങൾ സംരക്ഷിച്ചോളൂ, സൂക്ഷിപ്പുകാരനായിരിക്കുവാൻ ജനകനോട് പറഞ്ഞു. ഹരിശ്ചന്ദ്രന്റെ ഉദാഹരണവുമുണ്ട്.

ബാബ മനസ്സിലാക്കി തരുന്നു – കുട്ടികളേ, നിങ്ങൾ അഥവാ വിത്ത് വിതച്ചില്ലായെങ്കിൽ നിങ്ങളുടെ പദവി കുറഞ്ഞ് പോകും. അച്ഛനെ ഫോളോ ചെയ്യൂ, നിങ്ങളുടെ മുന്നിൽ ഈ ദാദ ഇരിക്കുകയാണ്.ശിവബാബയേയും ശിവശക്തികളേയും ട്രസ്റ്റിയാക്കി. ശിവബാബയിരുന്ന് നോക്കി നടത്തുന്നില്ല, ഇവർ സ്വയത്തിൽ ഒന്നും തന്നെ വെച്ചില്ല. മാതാക്കളിലൂടെയാണ് സമർപ്പണം ചെയ്തത്. ബാബ വന്ന് ജ്ഞാനാമൃതത്തിന്റെ കലശം മാതാക്കൾക്ക് നല്കിയിരിക്കുകയാണ്, മനുഷ്യരെ ദേവതയാക്കുന്നതിനു വേണ്ടി. ലക്ഷ്മിയ്ക്ക് അല്ല നല്കിയത് ഈ സമയം ഇവർ ജഗദംബയാണ്, സത്യയുഗത്തിലാണ് ലക്ഷ്മിയാകുന്നത്. എത്ര നല്ല ഗീതങ്ങളാണ് ജഗദംബയുടേതായി ഉണ്ടാക്കിയിരിക്കുന്നത്.അവരോട് വളരെയധികം ആദരവുണ്ട്. അവർ എങ്ങനെയാണ് സൗഭാഗ്യ വിധാതാവായത്? അവർക്ക് എവിടെ നിന്നാണ് ധനം ലഭിച്ചത്? ബ്രഹ്മാവിൽ നിന്നോ കൃഷ്ണനിൽ നിന്നോ ആണോ? അല്ല. ധനം ലഭിക്കുന്നത് ജ്ഞാന സാഗരനായ ബാബയിൽ നിന്നുമാണ്. ഇത് വളരെ ഗുഹ്യമായ കാര്യങ്ങൾ അല്ലേ. സർവ്വർക്കും വേണ്ടിയാണ് ഭഗവാൻ പറയുന്നത്. ഭഗവാൻ സർവ്വരുടേയും അല്ലേ. സർവ്വ ധർമ്മത്തിലുള്ളവരോടും പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ശിവന്റെ പൂജാരികൾ ധാരാളം

പേരുണ്ട് എന്നാൽ ഒന്നും അറിയുന്നില്ല. അത് ഭക്തിയാണ്. നിങ്ങൾക്ക് ജ്ഞാനം നല്കുന്നത് ആരാണ്? വളരെ പ്രിയപ്പെട്ട അച്ഛൻ. കൃഷ്ണനെ അങ്ങനെ പറയില്ല, കൃഷ്ണനെ സത്യയുഗത്തിലെ രാജകുമാരൻ എന്നാണ് പറയുന്നത്. കൃഷ്ണനെയും പൂജിക്കുന്നുണ്ട് എന്നാൽ എങ്ങനെയാണ് കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനായത് എന്ന് ചിന്തിക്കുന്നില്ല. മുൻപ് നമ്മളും അറിഞ്ഞിരുന്നില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ അറിയുന്നുണ്ട് നമ്മൾ വീണ്ടും രാജകുമാരനും രാജകുമാരിയും ആകും എന്നാലല്ലേ വലുതാകുമ്പോൾ ലക്ഷ്മിയേയും നാരായണനേയും വരിക്കുവാൻ സാധിക്കുകയുള്ളൂ. ഈ ജ്ഞാനം ഭാവിയിലേയ്ക്ക് വേണ്ടിയുള്ളതാണ്. 21 ജന്മം ഇതിന്റെ ഫലം ലഭിക്കുന്നു. കൃഷ്ണൻ സമ്പത്ത് നല്കുന്നു എന്ന് പറയില്ല. ബാബയിൽ നിന്നുമാണ് സമ്പത്ത് ലഭിക്കുന്നത്. ശിവബാബ രാജയോഗം പഠിപ്പിക്കുന്നു. ബ്രഹ്മാവിന്റെ മുഖത്തിലൂടെ ആയിരക്കണക്കിന് ബ്രാഹ്മണരാണ് ജന്മം എടുക്കുന്നത്, അവർക്ക് തന്നെയാണ് ഈ ശിക്ഷണം ലഭിക്കുന്നത്. നിങ്ങൾ ബ്രാഹ്മണർ മാത്രമാണ് കല്പത്തിന്റെ സംഗമയുഗത്തിലുള്ളത്, ബാക്കി മുഴുവൻ സൃഷ്ടിയും കലിയുഗത്തിലാണ്. അവരെല്ലാം പറയുന്നത് ഇപ്പോൾ നമ്മൾ കലിയുഗത്തിലാണ് എന്നാണ്, നിങ്ങൾ പറയുന്നത് നമ്മൾ സംഗമയുഗത്തിലാണെന്ന്. ഈ കാര്യങ്ങൾ മറ്റൊരിടത്തും ഇല്ല. ഈ പുതിയ പുതിയ കാര്യങ്ങൾ മനസ്സിൽ വെയ്ക്കണം. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കുക എന്നതാണ് മുഖ്യമായ കാര്യം. പവിത്രമായില്ലായെങ്കിൽ ഒരിയ്ക്കലും യോഗം ഉണ്ടാവുകയില്ല, നിയമമില്ല, അതുകൊണ്ട് അത്രയും പദവിയും നേടുവാൻ സാധിക്കില്ല. കുറച്ച് യോഗം വെയ്ക്കുന്നതിലൂടെയും സ്വർഗ്ഗത്തിൽ എത്തിച്ചേരും. ബാബ പറയുന്നു അഥവാ പവിത്രമായില്ലായെങ്കിൽ എന്റെ അടുക്കൽ വരുവാൻ സാധിക്കില്ല. വീട്ടിലിരുന്ന് കൊണ്ടും സ്വർഗ്ഗത്തിൽ വരുവാൻ സാധിക്കും, നല്ല പദവി നേടുവാൻ സാധിക്കും, എന്നാൽ യോഗത്തിലിരിക്കുകയും പവിത്രരായിരിക്കുകയും ചെയ്യുമ്പോൾ മാത്രം. പവിത്രതയില്ലാതെ യോഗം കിട്ടുകയില്ല. മായ യോഗം വെക്കുവാൻ അനുവദിക്കില്ല. സത്യമായ ഹൃദയത്തിൽ ഈശ്വരൻ പ്രസാദിക്കും. വികാരത്തിന് അടിമപ്പെടുകയും ശിവബാബയെ സ്മരിക്കുന്നുണ്ടെന്ന് പറയുന്നവർ അവരവരെ തൃപ്തരാക്കുകയാണ് ചെയ്യുന്നത്. മുഖ്യമായത് പവിത്രതയാണ്. ജനസംഖ്യ കുറയ്ക്കണമെന്ന് പറയുന്നുണ്ട്, കുട്ടികൾക്ക് ജന്മം നൽകരുത്. ഇത് തമോ പ്രധാനമായ ലോകമാണ്. ഇപ്പോൾ ബാബ ജനന നിയന്ത്രണം ചെയ്യിക്കുകയാണ്. നിങ്ങൾ എല്ലാവരും കുമാരന്മാരും-കുമാരിമാരുമാണ്, അപ്പോൾ വികാരത്തിന്റെ കാര്യം തന്നെ ഇവിടെയില്ല. ഇവിടെ ഈ വിഷം നിറഞ്ഞ ലോകത്തിൽ കുട്ടികൾക്ക് എന്തെല്ലാം സഹിക്കേണ്ടി വരുന്നു. ബാബ പറയുകയാണ് വളരെ അധികം സൂക്ഷിക്കണം. ഇവിടെ മദ്യപാനികളായവരാരും തന്നെ കാണുകയില്ലല്ലോ? ബാബ കുട്ടികളോട് ചോദിയ്ക്കുകയാണ്. അഥവാ കള്ളം പറയുകയാണെങ്കിൽ ധർമ്മരാജന്റെ ശിക്ഷ ലഭിക്കും. ഭഗവാന്റെ മുന്നിൽ സത്യം പറയണം. ആരെങ്കിലും കുറച്ച് മദ്യം മരുന്നിന്റെ രൂപത്തിൽ കഴിക്കുന്നവരുണ്ടോ? ആരും കൈ ഉയർത്തിയില്ല. ഇവിടെ എന്തായാലും സത്യം പറയുക തന്നെ വേണം. എന്തെങ്കിലും തെറ്റ് പറ്റുകയാണെങ്കിൽ വീണ്ടും എഴുതണം - ബാബാ, എന്നിൽ നിന്നും ഈ തെറ്റു പറ്റി, മായ ഒരു അടി വെച്ചു തന്നു. ബാബയ്ക്ക് ഒരുപാട് പേർ എഴുതാറുണ്ട്, ഇന്ന് എന്നിൽ ക്രോധത്തിന്റെ ഭൂതം വന്നു, അടിച്ചു. താങ്കൾക്ക് നിർദ്ദേശമുണ്ട്, അടിക്കാൻ പാടില്ല. കൃഷ്ണനെ ഉരലിൽ കെട്ടിയിട്ടതായി കാണിക്കാറുണ്ട്. ഇതെല്ലാം അസത്യമായ കാര്യങ്ങളാണ്. കുട്ടികളെ സ്നേഹത്തോടെ പഠിപ്പിക്കണം, അടിക്കാൻ പാടില്ല. ആഹാരം കൊടുക്കാതിരിക്കുക, മിഠായി കൊടുക്കാതിരിക്കുക... അങ്ങനെ മാറ്റിയെടുക്കണം. അടിക്കുക എന്നത്, ക്രോധത്തിന്റെ അടയാളമാണ്. അതും മഹാത്മാക്കളുടെ മേലാണ് ക്രോധിക്കുന്നത്. കൊച്ചു കുട്ടികൾ മഹാത്മാക്കൾക്കു സമമല്ലേ അതുകൊണ്ട് അടിക്കാൻ പാടില്ല. ചീത്ത വിളിക്കാനും പാടില്ല. ഞാൻ ഇങ്ങനെയുള്ള വികർമ്മം ചെയ്തു എന്നു തോന്നുന്ന ഒരു കർമ്മവും ചെയ്യാൻ പാടില്ല. അഥവാ ചെയ്തെങ്കിൽ ഉടനെ എഴുതണം-ബാബാ എന്നിൽ നിന്നും ഈ തെറ്റ് പറ്റി, എന്നോട് ക്ഷമിക്കൂ, ഇനി ഒരിക്കലും ഇങ്ങനെ ചെയ്യുകയില്ല. പശ്ചാത്തപിക്കാറുണ്ടല്ലോ. അവിടെയും ധർമ്മരാജൻ ശിക്ഷ നൽകുന്നു, അപ്പോൾ പശ്ചാത്താപം ഉണ്ടാകുന്നു-ഇനി ഒരിക്കലും ഇങ്ങനെ ചെയ്യുകയില്ല. ബാബ വളരെ സ്നേഹത്തോടെ പറയുകയാണ് പ്രിയപ്പെട്ട സൽപുത്രരായ കുട്ടികളേ, പ്രിയ കുട്ടികളേ ഒരിക്കലും കള്ളം പറയരുത്. ഓരോ ചുവടും അഭിപ്രായം ചോദിയ്ക്കണം. ഭാരതത്തെ സ്വർഗ്ഗമാക്കാനാണ് നിങ്ങളുടെ പൈസ ഉപയോഗിക്കുന്നത്, അപ്പോൾ കക്കകളൊക്കെ വജ്ര തുല്യമാകുകയാണ്. നമ്മൾ സന്യാസിമാർക്ക് ദാന-പുണ്യമൊന്നും നൽകുന്നില്ല. മനുഷ്യൻ ആശുപത്രിയും അല്ലെങ്കിൽ കോളേജുമൊക്കെ കെട്ടുമ്പോൾ എന്ത് ലഭിക്കുന്നു? കോളേജ് തുടങ്ങുന്നതിലൂടെ അടുത്ത ജന്മത്തിൽ നല്ല വിദ്യാഭ്യാസം ലഭിക്കുന്നു, ധർമ്മശാല കെട്ടുന്നതിലൂടെ കൊട്ടാരം ലഭിക്കുന്നു. ഇവിടെ നിങ്ങൾക്ക് ജന്മജന്മാന്തരങ്ങൾക്കു വേണ്ടി ബാബയിൽ നിന്നും പരിധിയില്ലാത്ത സുഖം ലഭിക്കുന്നു. പരിധിയില്ലാത്ത ആയുസ്സ് ലഭിക്കുന്നു. ഇതിൽ കൂടുതൽ ആയുസ്സ് ഒരു ധർമ്മത്തിലുള്ളവർക്കും ലഭിക്കുന്നില്ല. കുറഞ്ഞ ആയുസ്സും ഇവിടെത്തെയാണ് കണക്കാക്കുന്നത് അതുകൊണ്ട് പരിധിയില്ലാത്ത അച്ഛനെ നടക്കുമ്പോഴും കറങ്ങുമ്പോഴും, എഴുന്നേൽക്കുമ്പോഴും-ഇരിക്കു മ്പോഴും

ഓർമ്മിച്ചാൽ മാത്രമേ സന്തോഷം ലഭിക്കുകയുള്ളൂ. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ചോദിയ്ക്കൂ. അല്ലാതെ പാവപ്പെട്ടവർ, പറയും ബാബാ ഞങ്ങൾ അങ്ങയുടേതാണ്, ഇനി ഞങ്ങൾ അങ്ങയുടെ അടുത്ത് വന്ന് ഇരിക്കാം. അങ്ങനെ നോക്കിയാൽ ലോകത്ത് പാവപ്പെട്ടവർ ഒരുപാടുണ്ട്. എല്ലാവരും പറയുകയാണ് ഞങ്ങളെ മധുബനിൽ നിർത്തൂ, അങ്ങനെയാണെങ്കിൽ ലക്ഷക്കണക്കിനാളുകൾ ഒത്തു കൂടും, അതു നിയമമല്ല. നിങ്ങൾക്ക് ഗൃഹസ്ഥ വ്യവഹാരത്തിലിരിക്കണം, ഇവിടെ വന്ന് അങ്ങനെ ഇരിക്കാൻ കഴിയില്ല. തൊഴിൽ നടത്തുമ്പോൾ അതിൽ നിന്നും ഒന്നോ-രണ്ടോ പൈസ ഈശ്വരാർത്ഥം മാറ്റിവെയ്ക്കുന്നു. ബാബ പറയുകയാണ്-ശരി, നിങ്ങൾ പാവപ്പെട്ടവരാണ്, ഒന്നും തരേണ്ട കാര്യമില്ല, നോളജിനെയെങ്കിലും മനസ്സിലാക്കൂ പിന്നെ മന്മനാഭവയായിരിക്കൂ. നിങ്ങളുടെ മമ്മ എന്താണ് കൊണ്ടു വന്നത്, ആ മമ്മ തന്നെയാണല്ലോ ജ്ഞാനത്തിൽ മുന്നിൽ പോയത്. ശരീരവും-മനസ്സും കൊണ്ട് സേവനം ചെയ്യുന്നു. ഇതിൽ പൈസയുടെ കാര്യം ഒന്നും തന്നെയില്ല. അങ്ങേയറ്റം പറ്റുമെങ്കിൽ ഒരു രൂപ കൊടുത്തേക്കൂ, നിങ്ങൾക്ക് ധനവാന്മാർക്കു ലഭിക്കുന്നത്ര ലഭിക്കും. ആദ്യം തന്റെ ഗൃഹസ്ഥ വ്യവഹാരത്തിനെ സംരക്ഷിക്കണം. കുട്ടികൾ ദുഃഖിതരാകാൻ പാടില്ല. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. പിന്നീട് പശ്ചാത്താപിക്കേണ്ട രീതിയിലിള്ളതും, ചിന്തിക്കേണ്ട രീതിയിലുള്ളതുമായ ഒരു കാര്യവും ചെയ്യാൻ പാടില്ല. കള്ളം പറയരുത്. സത്യമായ ബാബയോട് സത്യമായിരിക്കണം.

2. ഭാരതത്തെ സ്വർഗ്ഗമാക്കുന്ന സേവനത്തിൽ തന്റെ ഓരോരോ പൈസയും സഫലമാക്കണം. ബ്രഹ്മാബാബയ്ക്കു സമാനം സമർപ്പണമായി ട്രസ്റ്റിയായിരിക്കണം.

## വരദാനം:- ഓരോ ആത്മാവിന്റെയും സംബന്ധ-സമ്പർക്കത്തിൽ വന്നും സർവ്വ പ്രശ്നങ്ങളിൽ നിന്നും ദൂരെയിരിക്കുന്ന സദാ പ്രസന്നചിത്തരായി ഭവിക്കട്ടെ.

ഓരോ ആത്മാവിന്റെയും സംബന്ധ-സമ്പർത്തിൽ വന്നും ഒരിക്കലും മനസ്സിനുള്ളിൽ ഈ പ്രശ്നം ഉൽപ്പന്നമാകരുത് അതായത്, ഇവർ എന്താ ഇങ്ങനെ ചെയ്യുന്നത്, എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത്, ഇക്കാര്യം അങ്ങിനെയല്ല, ഇങ്ങനെയാണ് വേണ്ടത്. ആര് ഈ പ്രശ്നങ്ങളിൽ നിന്നും ദൂരെയിരിക്കുന്നുവോ അവർ തന്നെയാണ് സദാ പ്രസന്നചിത്തരായിരിക്കുന്നത്. എന്നാൽ ആര് ഈ പ്രശ്നങ്ങളുടെ ക്യൂവിലേക്ക് പോയി രചന രചിക്കുന്നുവോ അവർക്ക് അതിന്റെ പാലനയും ചെയ്യേണ്ടി വരും. സമയവും ഊർജ്ജവും ചെലവാക്കേണ്ടി വരും , അതിനാൽ ഈ വ്യർത്ഥ രചനയുടെ ജനന നിയന്ത്രണം പാലിക്കൂ.

## സ്ലോഗൻ:- നയനങ്ങളിൽ ബിന്ദുരൂപനായ ബാബയെ ഒതുക്കൂ എങ്കിൽ മറ്റാർക്കും ഇടം ലഭിക്കില്ല.